## സെപ്തംബർ 2

# ദേശീയ പണിമുടക്ക്

- ★ വിലക്കയറ്റം തടയുക
- ★ തൊഴിലും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക.
- ★ തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കുക.
- ★ അസംഘടിത തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുക.
- ★ പൊതുമേഖലയെ സംരക്ഷിക്കുക.
- ★ സ്ഥിരം തൊഴിലാളികൾക്കു നൽകുന്ന കൂലിയും ആനുകൂല്യങ്ങളും കരാർ തൊഴിലാളികൾക്കും നൽകുക.
- ★ മിനിമം വേതനം 18,000 രൂപയാക്കുക.
- ★ ബോണസ്, പി.എഫ്, ഇ.എസ്.ഐ. പരിധി ഉപേക്ഷിക്കുക, ഗ്രാറ്റുവിറ്റി വർദ്ധിപ്പിക്കുക.
- ★ എല്ലാവർക്കും പെൻഷൻ നൽകുക.
- ★ ടി.യ.ു രജിസ്ട്രേഷൻ 45 ദിവസത്തിനുള്ളിൽ നൽകുക.
- ★ തൊഴിൽനിയമഭേദഗതികൾ പിൻവലിക്കുക.
- ★ തന്ത്ര പ്രധാനമേഖലകളിലെ പ്രത്യക്ഷ വിദേശനിക്ഷേപ നീക്കം ഉപേക്ഷിക്കുക.

**KSFE സ്റ്റാഫ് അസോസിയേഷൻ (CITU)**

# സംസ്ഥാന നേതൃസംഗമം



കേരള സംസ്ഥാന നിയമ, സാംസ്ക്കാരിക
പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി

# സ. എ.കെ. ബാലന്
# സ്വീകരണം

**2016 ആഗസ്റ്റ് 14 ഞായർ രാവിലെ 10 മണി**
**സി.പി.ഐ.(എം) തൃശൂർ ജില്ലാ കമ്മിറ്റി ഓഫീസ്**
**(സ. അഴീക്കോടൻ സ്മാരക ഹാൾ)**

സഖാക്കളെ,

നമ്മുടെ പ്രസിഡന്റ് **സ. എ.കെ. ബാലൻ** തരൂർ മണ്ഡലത്തിൽനിന്നും വീണ്ടും വൻ ഭൂരിപക്ഷത്തോടെ വിജയിച്ച്, കേരളത്തിന്റെ നിയമ, സാംസ്ക്കാരിക, പട്ടിക ജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പ്, പാർലമെന്ററികാര്യ മന്ത്രിയായി ചുമതലയേറ്റെടുത്തത് നമുക്കേവർക്കും അഭിമാനകരമാണ്. മന്ത്രിയായി ചുമതലയേറ്റെടുത്ത് ദിവസങ്ങൾക്കുള്ളിൽ തന്നെ ശ്രദ്ധേയമായ ഭരണ നടപടികളിലൂടെ അദ്ദേഹം പൊതുസമൂഹത്തിന്റെ അംഗീകാരം നേടിയെടുക്കുകയുണ്ടായി. 1996-2001 കാലയളവിൽ KSFEയുടെ ചെയർമാനായും സഖാവ് പ്രവർത്തിച്ചു. യു.ഡി.എഫ്. സംവിധാനം തകർത്തു തരിപ്പണമാക്കിയ KSFEയെ പുനരുജ്ജീവനത്തിന്റെ പാതയിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിൽ ചെയർമാൻ എന്ന നിലയിൽ സഖാവ് വഹിച്ച പങ്ക് നിസ്തുലമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) കേന്ദ്ര കമ്മിറ്റിയംഗം, സി.ഐ.ടി.യു. സംസ്ഥാന വൈസ് പ്രസിഡന്റ് എന്നീ ചുമതലകൾ വഹിക്കുന്ന സഖാവ് നമ്മുടെ പ്രസിഡന്റായി പ്രവർത്തിയ്ക്കുന്നു എന്നത് നമുക്കേവർക്കും സന്തോഷം പകരുന്നതാണ്.

സഖാവിന് സമുചിതമായ സ്വീകരണം നൽകണമെന്നുള്ള അംഗങ്ങളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് സഖാവിന് **14-08-2016 (ഞായറാഴ്ച) രാവിലെ 10ന് തൃശൂർ അഴീക്കോടൻ സ്മാരക ഹാളിൽ (സി.പി.ഐ.(എം) ജില്ലാ കമ്മിറ്റി ഓഫീസ്)** വച്ച് ഒരു സ്വീകരണ പരിപാടി നടത്തുകയാണ്. പ്രസ്തുത സ്വീകരണ പരിപാടിയിൽ സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി **സ. കെ. രാധാകൃഷ്ണൻ**, സി.ഐ.ടി.യു. ജില്ലാ സെക്രട്ടറി **സ. എം.എം. വർഗ്ഗീസ്** എന്നിവർ പങ്കെടുക്കുന്നതാണ്. എല്ലാവിഭാഗം ജീവനക്കാരേയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

തുടർന്നു നടത്തുന്ന സംസ്ഥാന നേതൃസംഗമം **സ. എ.കെ. ബാലൻ** ഉദ്ഘാടനം ചെയ്യുന്നതാണ്. പൊതുമേഖലാ സംരക്ഷണം, തൊഴിലും കൂലിയും സംരക്ഷിയ്ക്കൽ, മതനിരപേക്ഷത എന്നിവയ്ക്ക് പ്രാമുഖ്യം നൽകുന്ന ഭരണസംവിധാനം കേരളത്തിൽ അധികാരത്തിലെത്തിയത് ആശ്വാസകരമാണ്. ഉഭയകക്ഷി കരാറിന്റെ അന്തഃസത്ത തകർത്തുകൊണ്ട് KSFE ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണകരാറിലെ ശമ്പള സ്കെയിൽ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കി അടിക്കുറിപ്പെഴുതി ചേർത്തതിനുശേഷമാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പടിയിറങ്ങിയത്. കരാറിന്റെ അന്തഃസത്ത പാലിച്ചുകൊണ്ട് പ്രസ്തുത കരാർ നടപ്പിലാക്കിയെടുക്കുക എന്നതാണ് നമ്മുടെ ആദ്യലക്ഷ്യം. പെൻഷൻ വിഷയത്തിലും ശാശ്വതപരിഹാരം ഉണ്ടാക്കേണ്ടതുണ്ട്.

രാജ്യത്തിന്റെ മതനിരപേക്ഷതാ മൂല്യങ്ങൾ തകർത്തുകൊണ്ട്, രാജ്യത്തെ ശിഥിലമാക്കുന്ന ഭരണ നടപടികൾ കേന്ദ്രസർക്കാർ സ്വീകരിക്കുകയാണ്. പൊതുമേഖലകളെ വിറ്റുതുലയ്ക്കുകയും തൊഴിൽ നിയമങ്ങൾ മുതലാളിമാർക്കനുകൂലമായി തിരുത്തിയെഴുതുകയുമാണ്. ഇത്തരം നയങ്ങൾക്കെതിരെ ഉയരുന്ന തൊഴിലാളി പ്രക്ഷോഭത്തെ ശിഥിലമാക്കാൻ തൊഴിലാളികളിലേയ്ക്ക് വർഗ്ഗീയത കടത്തിവിടാനും ദളിത് ന്യൂനപക്ഷങ്ങൾക്കെതിരെ സംഘടിത അക്രമങ്ങൾ നടത്താനും പരിശ്രമിക്കുന്നു. കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ രാജ്യത്തെ തൊഴിലാളികൾ സംയുക്തമായി 2016 സെപ്തംബർ 2ന് പണിമുടക്കുകയാണ്. KSFEയിലെ എല്ലാ വിഭാഗം ജീവനക്കാരും പ്രസ്തുത പണിമുടക്ക് വിജയിപ്പിക്കുവാൻ വേണ്ടി രംഗത്തിറങ്ങണമെന്ന് സംഘടന ആഹ്വാനം ചെയ്യുന്നു.

അഭിവാദനങ്ങളോടെ,

**എസ്. മുരളീകൃഷ്ണ പിള്ള**
ജനറൽ സെക്രട്ടറി
കെ.എസ്.എഫ്.ഇ. സ്റ്റാഫ്
അസോസിയേഷൻ (സി.ഐ.ടി.യു.)

തൃശൂർ
6-8-2016